# ശ്രീനാരായണപുരം പഞ്ചായത്ത് പദ്ധതികളുടെ പ്രചാരണച്ചുമതല എം.ഇ.എസ്. അസ്മാബി കോളേജിന്

ശ്രീനാരായണപുരം ► പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളുടെയും പരിപാടികളുടെയും പ്രചാരണങ്ങളും ഉദ്ഘാടനവും പദ്ധതി നടത്തിപ്പുകളുമായി ബന്ധപ്പെട്ട പ്രചാരണപ്രവർത്തനങ്ങളുടെ ചുമതല പി. വെമ്പല്ലൂർ എം.ഇ.എസ്. അസ്മാബി കോളേജിന്.

ഇതുസംബന്ധിച്ച് ഡോക്യുമെന്റേഷൻ ധാരണാപത്രത്തിൽ പഞ്ചായത്തിനുവേണ്ടി പ്രസിഡന്റ് എം.എസ്. മോഹനനും എം.ഇ.എസ്. അസ്മാബി കോളേജിനുവേണ്ടി പ്രിൻസിപ്പൽ ഡോ. എ. ബിജുവും ഒപ്പുവെച്ചു.

കോളേജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെയും ബിവോക് ഡിപ്പാർട്ട്മെന്റ് ഓഫ് ഡിജിറ്റൽ ഫിലിം പ്രൊഡക്ഷന്റെയും നേതൃത്വത്തിലുള്ള വിദ്യാർഥികളാണ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്.

പദ്ധതിയുമായി സഹകരിക്കുന്ന വിദ്യാർഥികൾക്കുള്ള സർട്ടിഫിക്കറ്റ് കരാർപ്രകാരം പഞ്ചായത്ത് നൽകും.

രണ്ട് വർഷത്തേക്കുള്ള കരാറിൽ കോളേജ് സെക്രട്ടറി ആൻഡ് കറസ്പോണ്ടന്റ് സലീം അറയ്ക്കൽ, സ്ഥിരംസമിതി ചെയർമാൻ പി.എ. നൗഷാദ് എന്നിവർ സാക്ഷികളായി.



ശ്രീനാരായണപുരം പഞ്ചായത്ത് പദ്ധതികളുടെ പ്രചാരണച്ചുമതലകളുമായി ബന്ധപ്പെട്ട് ഡോക്യുമെന്റേഷൻ ധാരണാപത്രത്തിൽ പ്രസിഡന്റ് എം.എസ്. മോഹനനും പ്രിൻസിപ്പൽ ഡോ. എ. ബിജുവും ഒപ്പുവെച്ചപ്പോൾ